# പള്ളികഥകൾ

## മിനികഥകൾ തൊണ്ണൂറ്റി ഏഴ്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫച്ചന്റെ അടുക്കൽ പലരും അവരുടെ സങ്കടങ്ങളും പ്രയാസങ്ങളുടേയും കാര്യം പറയാറുണ്ട്. അതെല്ലാം ഒരു കുമ്പസാര രഹസ്യം പോലെ അച്ചൻ സൂക്ഷിക്കാറുമുണ്ട്. അവയിൽ ചിലത് മറ്റുള്ളവക്കായി പങ്കു വെയ്ക്കുമ്പോൾ അവരുടെ പേരും മറ്റും വിശദമായി പറയാറില്ല.

# ചതി

അമേരിക്കയിൽ നിന്ന് ഏകദേശം നാലു മാസത്തേ അവധിക്കു വന്ന തങ്കച്ചനും കുടുംബവും കേരളത്തിലെ ആ കൊച്ചു ഗ്രാമത്തിൽ അല്പം വസ്തുവും കൊട്ടാര സമാനമായ ബംഗ്ലാവും വാങ്ങി എല്ലാം പുതമയാന്ന വിധത്തിൽ പരിഷ്ക്കരിച്ച് ആഭാടമായി ജീവിച്ചത് മകന്റെ വിവാഹം നടത്താനായിരുന്ന എന്നു മനസ്സിലാക്കിയപ്പോഴേക്കും വൈകിപോയി.

മടക്ക വിമാന ടിക്കറ്റ് എടുത്താൽ നാലു മാസത്തിനകം മടങ്ങണമെന്ന് പിന്നീടാണ് മനസ്സിലായത്. എല്ലാം മനസ്സിലാകുന്നതും മനസ്സിലായതും വളരെ വൈകിയായി. നമ്മുടെ എല്ലാം ജീവിതത്തിലും എല്ലാം അങ്ങിനെയാണല്ലോ!

വെളു വെളുത്ത, തക്കാളിപ്പഴം പോലെ തുടുത്ത മുഖമുള്ള അയാളുടെ മകൻ വിനോദിനെ കണ്ടാൽ ഏതൊരു പെണ്ണും കൊതിച്ചു പോകും. ആ മുഖത്ത് കറുകറുത്ത മീശയും പുരികവുമുള്ള ആ ചെറുപ്പക്കാരനെ കണ്ടാൽ ഒരു രാജകുമാരനെ പോലെ തോന്നിപ്പിക്കുന്നത് ഏതു ചെറുപ്പക്കാരിയേയും ആകർഷിക്കുന്നതായിരുന്നു.

തങ്കച്ചന് നേഴ്സിംഗ് വിദ്യാഭ്യാസ യോഗ്യതയുള്ള പെണ്ണിനേയാണ് മരുമകളായി വേണ്ടിയത്. അതാകുമ്പോൾ അമേരിക്കയിൽ ചെന്നാൽ പെട്ടന്ന് പരീക്ഷ പാസായി ജോലി കിട്ടാൻ സാദ്ധ്യതയുണ്ട്. പലരും ഡോക്ടറേയും എഞ്ചിനീയറേയും വക്കീലന്മാരേയും മറ്റും വിവാഹം ചെയ്ത് അമേരിക്കയിൽ ചെന്നപ്പോൾ ആഭാടം പറയാമെന്നല്ലാതെ പരീക്ഷ പാസായി ജോലി ചെയ്ത് അമേരിക്കൻ ഡോളർ സമ്പാദിക്കാൻ കഴിയാതെ കഷ്ടപ്പെടുന്ന കാര്യം തങ്കച്ചന് അറിയാം.

നേഴ്സിംഗ് മാത്രം പോരാ ബിഎസ്സ്സി നേഴ്സിംഗ് പഠിച്ചിട്ടുള്ളവരേയും പിന്നേയും പഠിക്കാൻ കഴിവുള്ളവരേയുമാണ് തങ്കച്ചന്റെ നോട്ടം. എന്നാൽ കാണാൻ സുന്ദരി അയിരിക്കണമെന്നാണ് വിനോദിന്റെ അഭിമതം. ലളിതമ്മയ്ക്ക് എത്രയും പെട്ടന്ന് മകന്റെ വിവാഹം കഴിഞ്ഞ് മടങ്ങിപോയാൽ മതിയെന്നാണ് ആഗ്രഹം. കേരളത്തിലെ കാലാവസ്ഥ അവിടെ തന്നെ ജനിച്ചു വളന്ന ലളിതമ്മയ്ക്ക് ഇപ്പോൾ ദുസഹമാണ്.

ദീനാമ്മയുടെ ജേഷ്ഠത്തി രണ്ടു പേരുടെ വിവാഹം ഒരു വഷത്തിനിടയിൽ നടത്തിയതുകൊണ്ട് വീണ്ടും ഒരു വിവാഹം ഉടനെ നടത്താൻ പറ്റിയ അവസ്ഥയിലല്ലായിരുന്ന കുട്ടിച്ചേട്ടൻ. വെറും ഒരു ഇടത്തരം കുടുംബമായിരുന്ന അവരുടേത്.

കുട്ടിച്ചേട്ടനും ആൾക്കാരും തങ്കച്ചന്റെ കൊട്ടാരം കണ്ടപ്പോഴേ, എങ്ങിനെയെങ്കിലും മകളെ ഈ കൊട്ടാരത്തിലേക്ക് കെട്ടിച്ചു വിടണമെന്നാഗ്രഹം. സൗമ്യമായുള്ള തങ്കച്ചന്റെ സംസാരവും ഹൃദ്യമായുള്ള ലളിതാമമ്മയുടെ പെരുമാറ്റവും അവരെ കൂടുതൽ വശീകരിച്ചു. അവരുടെ അപ്പോഴത്തെ ദൈന്യാവസ്ഥ കണ്ട് സ്ത്രീധനം വേണ്ടാന്ന മാത്രമല്ല വിവാഹ ചെലവും തങ്കച്ചൻ തന്നെ വഹിച്ചു കൊള്ളാമെന്ന് പറഞ്ഞപ്പോൾ, തന്റെ മകൾ ഭാഗ്യവതിയെന്ന് അയാൾ കരുതി. ആഭാടമായ വിവാഹവും മറ്റും കണ്ടപ്പോൾ, മഹാഭാഗ്യവതിയാണ് മകൾ എന്നയാൾ അഭിമാനിച്ചു; കണ്ടവരോടെല്ലാം അയാൾ പറഞ്ഞു.

വിനോദിനും ദീനാമ്മയെ ഇഷ്ടപ്പെട്ടു. കിളിപോലൊരു സുന്ദരിപെണ്ണ്. ഈ അമേരിക്കകാരൻ ചെറുക്കൻ ഈ പെണ്ണിനെ ഒറ്റ രാത്രികൊണ്ട് കശക്കി കൊന്നു കളയുമോയെന്ന് കണ്ടവരെല്ലാം അടക്കം പറഞ്ഞു.

വിവാഹം കഴിഞ്ഞ് ഏതാനം ദിവസങ്ങൾ കഴിഞ്ഞപ്പോൾ ചെറുക്കനും മാതാപിതാക്കളും മടങ്ങി പോയി. വിവാഹമായപ്പോഴേക്കും ദീനാമ്മ ജോലി ഉപേക്ഷിച്ചു. കേരളത്തിൽ കിട്ടുന്നത് വെറും തുഛമായ തുകയാണ് അതിനു വേണ്ടി ദീനാമ്മ ആരോഗ്യം നഷ്ടപ്പെടുത്താതെ ആ സമയം പഠിച്ച് അമേരിക്കയിലെ പരീക്ഷ പാസാകാൻ തയാറെടുത്തു. തന്മൂലം അവളുടെ സ്വകാര്യ ചെലവിനായി നല്ലവനായ തങ്കച്ചൻ ലക്ഷകണക്കിന് രൂപായും അവൾക്ക് കൊടുത്തു.

സ്വകാര്യ ജീവിതത്തിൽ അറു പിശുക്കനായ തന്റെ ഭത്താവ് ഇത്രയും കാശ് ചെലവാക്കിയത് ലളിതാമ്മയെ അത്ഭുത പരതന്ത്രയാക്കി. എങ്ങിനെ ആയാലും ചെണ്ണ് ചെറുക്കനോട് സ്നേഹമായി പെരുമാറണമെന്ന് അയാൾക്ക് ആഗ്രഹമുണ്ടായി. തന്റെ ജീവിതം പോലെ മകന്റെ ആകരുതെന്നും അയാൾക്ക് നിബന്ധമുണ്ടായിരിക്കണമെന്ന് അയാൾ ആഗ്രഹിച്ചിരിക്കണമെന്ന് ദീനാമ്മ പിന്നീട് നിഗമിച്ചു.

വിവാഹം കഴിഞ്ഞ് വീട്ടിൽ എത്തിയപ്പോൾ മുതൽ പൂവൻ കോഴി കണക്കെ ആയിരുന്നു വിനോദിന്റെ പെരുമാറ്റം. പത്തു പിടക്കോഴിയുടെനടുക്കുള്ള ഒറ്റപൂവന്റെ തിരുമുറ്റത്തു നടക്കുന്ന ലീലാ വിശേഷങ്ങൾ ദിനം കണ്ടാസ്വദിച്ചിരുന്നതാണ്. അത് പത്ത്പിടക്കോഴി ഉണ്ടെന്ന പറയാം. വിവാഹം കഴിക്കുന്നത് ഇതിനുള്ള ലൈസൻസാണെന്ന തോന്നും അവന്റെ പെരുമാറ്റം. വിനോദിന്റെ വീട്ടിൽ ചെന്നപ്പോഴേ അവന്റെ പെരുമാറ്റം കണ്ട് ലളിതമ്മക്കു പോലും നാണം വന്നു.

എന്തു പറഞ്ഞാലും ചിരിക്കുകയല്ലങ്കിൽ, യാ, യാ എന്നു മാത്രമേ അവൻ പറഞ്ഞിരുന്നുള്ളു. പിന്നീടാണ് മനസ്സിലായത് അവനു് ഇംഗ്ലീഷും മലയാളവും പറയാനറിയത്തില്ലന്ന്. മധുവിധുവിന് അവരോടൊപ്പം തങ്കച്ചനും ലളിതാമ്മയും കൂടെ പോയത്, മകന്റെ കള്ളി വെളിച്ചത്താവുമെന്ന് ഭയന്നിട്ടായിരുന്നെന്ന് പിന്നീടാണ് ദീനാമ്മയ്ക്ക് മനസ്സിലായത്.

അമേരിക്കയിൽ വന്ന് അവരുടെ അമേരിക്കയിലെ കൊട്ടാരം കണ്ടപ്പോഴും അവർ അവിടുത്തെ കോടീശ്വരന്മാരെന്ന് അവൾ തെറ്റിദ്ധരിച്ചു. നേഴ്സിംഗ് ജോലി ചെയ്യുന്ന ലളിതാമ്മ രാപകലില്ലാതെ പല സ്ഥലങ്ങളിലായി ജോലി ചെയ്താണ് ആ വീട് സ്വന്തമാക്കിയതെന്ന കാര്യവും, അത് ഇപ്പോഴും മോട്ട്ഗേജ് അടച്ചുകൊണ്ടിരിക്കുന്ന ബാങ്കുകാരുടെ വിടാണെന്നും. ലളിതാമ്മ രജിസ്ട്രേഡ് നേഴ്സല്ലന്നും വിദ്യാഭ്യാസമൊന്നുമില്ലാത്ത കമ്പിനിയിലെ കൂലി വേലപണിയാണ് തങ്കച്ചൻ ചെയ്യുന്നതെന്നും കൂടാതെ വിനോദ് പള്ളിക്കൂടത്തിൽ പോകുകയോ ചെയ്യാതെ കാർ വാഷ് ചെയ്യുന്നിടത്തെ കാർ തുടക്കുന്ന പണിയാണെന്നും എല്ലാം മനസ്സിലായപ്പോഴേക്കും വളരെ വൈകിപോയി. ദീനാമ്മ ഇതെല്ലാം വിസ്തരിച്ച് അച്ചനോടെ പറഞ്ഞതിന്റെ ഉദ്ദേശം, മേലാൽ ആക്കും ഇങ്ങിനെ അബദ്ധം പറ്റരുതെന്നാഗ്രഹിച്ചാണ്.

കേരളത്തിൽ നിന്ന് അവർ യാത്ര ആകുന്നതിന് മുമ്പു തന്നെ അമേരിക്കയിൽ നിന്ന് പരിപൂണ്ണം മടങ്ങി വന്ന് സ്ഥിര താമസത്തിന് ഒരുങ്ങുന്ന ഒരു കൂട്ടക്ക് സമത്ഥനായ തങ്കച്ചൻ ആ വീടും അതിലെ സാധനങ്ങളും എല്ലാം കച്ചവടം ചെയ്ത് അമേരിക്കൻ ഡോളറാക്കി. ഇനിയും ദീനാമ്മ രാപകലില്ലാതെ കഷ്ടപ്പെട്ട് വേണം കാര്യങ്ങൾ എല്ലാം ശരിയാക്കേണ്ടത്. ഇങ്ങിനെ ചതിച്ച് നല്ലവരെന്നഭിനയിച്ചവരെ വെറുക്കാൻ പറ്റാതായി.